## ത്രിയേക ദൈവത്തെ അറിയുന്നത്

**I. പുതിയനിയമത്തിന്റെ ഘടന ത്രിയേക ദൈവമാണ്**

മത്താ. 28:19 പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്കു സ്നാനപ്പെടുത്തിക്കൊണ്ടും

**II. ത്രിയേക ദൈവത്തെ അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നതിലൂടെ നാം അവനെ അറിയുവാനിടവരുന്നു**

- ത്രിയേക ദൈവം നമ്മുടെ വിശ്വാസത്തിന്റെ വെറും ലക്ഷ്യം മാത്രമല്ല; നമ്മുടെ അനുഭവത്തിനും ആസ്വാദനത്തിനും വേണ്ടി അവൻ നമ്മുടെ ജീവനും ജീവസഹായവുമായി നമ്മിൽ വസിക്കുന്നു
- വ്യക്തിനിഷ്ഠമായ ദൈവത്തിന്റെ ആന്തരിക ആസ്വാദനത്തിലൂടെ നാം അനുഭവപരമായി ത്രിയേക ദൈവത്തെ അറിയണം
- നാം എത്രയധികം ജീവനിൽ വളരുന്നുവോ, അത്രയധികം നാം ദിവ്യ ത്രിത്വത്തെക്കുറിച്ച് വിചാരമുള്ളവരായിരിക്കും

**III. ത്രിയേക ദൈവം നമ്മുടെ അനുഭവവും ആസ്വാദനവും ആയിത്തീരുമ്പോൾ, അവൻ സാർവത്രികമായി വിശാലനായി സിംഹാസനത്തിലിരിക്കുന്നവൻ മാത്രമല്ല, പിന്നെയോ അവൻ നമ്മുടെ ഹൃദയത്തിലുള്ളവനുമാണ്**

- പ്രപഞ്ചത്തിന്റെ വിശാലതയിലല്ല, മറിച്ച് നമ്മുടെ ഹൃദയത്തിന്റെ വ്യക്തിപരമായ മണ്ഡലത്തിലാണ് നാം ത്രിയേക ദൈവത്തെ അറിയുന്നത്
- ത്രിയേക ദൈവത്തെ അറിയാനുള്ള പുതിയനിയമ മാർഗം വ്യക്തിപരവും, വിശദവും, അനുഭവപരവുമാണ്

**IV. മുഴുവൻ വേദപുസ്തകം എന്നപോലെ, പുതിയനിയമം പൂർണമായി ദിവ്യ ത്രിത്വത്താൽ രചിക്കപ്പെട്ടതും നിർമിക്കപ്പെട്ടതുമാണ്**

- പുതിയനിയമത്തിന്റെ നിർമ്മാണത്തിനു വേണ്ടിയുള്ള മൂലകം ത്രിയേക ദൈവമാണ്
- തന്റെ ജനത്തിലേക്ക് അവരുടെ അനുഭവത്തിനും ആസ്വാദനത്തിനുമായി അവരിലേക്ക് തന്റെ ദിവ്യ ത്രിത്വത്തിൽ ദൈവത്തെ പകരുന്നതിനുവേണ്ടിയാണ് ദൈവവചനത്തിൽ ത്രിയേക ദൈവത്തെ സംബന്ധിച്ച വെളിപാടുള്ളത്

## പ്രക്രിയാവിധേയനായ ത്രിയേക ദൈവത്തിലുള്ള സഭ

**V. 1 തെസ്സലൊനീക്യ ലേഖനം "പിതാവായ ദൈവത്തിലും കർത്താവായ യേശു ക്രിസ്തുവിലുമുള്ള തെസ്സലൊനീക്യരുടെ സഭ"യെ അഭിസംബോധന ചെയ്യുന്നു**

- ഒരു വശത്ത്, തെസ്സലൊനീക്യയിലെ സഭ തെസ്സലൊനീക്യരുടേതായിരുന്നു; മറുവശത്ത് ഈ സഭ പിതാവായ ദൈവത്തിലും കർത്താവായ യേശു ക്രിസ്തുവിലും ആയിരുന്നു
    - ഇങ്ങനെയുള്ള ഒരു സഭ തന്റെ ജീവനോടും പ്രകൃതത്തോടുംകൂടെ പിതാവായ ദൈവത്തിൽനിന്ന് ജനിച്ചതും, കർത്താവായ യേശു ക്രിസ്തുവിനോട് താൻ ആയിരിക്കുന്നതിലും ചെയ്തിട്ടുള്ളതിലും ജൈവികമായി ഐക്യപ്പെട്ടിരിക്കുന്നതുമാണ്
- പിതാവായ ദൈവത്തിലും കർത്താവായ യേശു ക്രിസ്തുവിലുമുള്ള സഭയെക്കുറിച്ച് പൗലൊസ് സംസാരിക്കുമ്പോൾ, അവൻ വാസ്തവത്തിൽ അർഥമാക്കുന്നത് സഭ ത്രിയേക ദൈവത്തിലാകുന്നു എന്നാണ്
    - ദിവ്യ ത്രിത്വത്തിലെ മൂവരും വേർതിരിക്കാനാവാത്തവരായതുകൊണ്ട് നമുക്ക് ഒന്നാമനായ പിതാവ് ഉള്ളപ്പോഴെല്ലാം, നമുക്ക് രണ്ടാമനായ, പുത്രനും, മൂന്നാമനായ ആത്മാവും ഉണ്ട്
    - പിതാവും പുത്രനും ആത്മാവും ഏക ദൈവമാണ്, മൂന്നുപേരല്ല; അവർ വ്യതിരിക്തരാണ്, എന്നാൽ വേർപെട്ടവരല്ല
    - ദിവ്യ വ്യവസ്ഥയിൽ ദിവ്യ ത്രിത്വത്തിലെ മൂവരും പ്രവർത്തിക്കുകയും മൂന്ന് തുടർച്ചയായ ക്രമാനുഗത ഘട്ടങ്ങളിൽ യഥാക്രമം വെളിവാക്കുകയും ചെയ്യുന്നു
    - തിരഞ്ഞെടുപ്പ് പിതാവിൽനിന്നും, വിടുതൽ പുത്രനിൽനിന്നും, പകർച്ച അഥവാ പ്രചാരണം ആത്മാവിൽനിന്നും ആണ്
    - പുത്രൻ വരുമ്പോൾ, അവൻ പിതാവിനോടും ആത്മാവിനാലും വരുന്നു; പുത്രൻ ആത്മാവായി സാക്ഷാൽക്കരിക്കപ്പെടുകയും, ആത്മാവ് പിതാവിനോടുകൂടെ പുത്രനായി വരുകയും ചെയ്യുന്നു
- സഭ പിതാവായ ദൈവത്തിലും കർത്താവായ യേശു ക്രിസ്തുവിലും ആയിരിക്കുന്നതിന്റെ അർഥം സഭ പ്രക്രിയാവിധേയനായ ത്രിയേക ദൈവത്തിലാകുന്നു എന്നാണ്

  എഫെ. 4:4-6 ശരീരം ഒന്ന് ആത്മാവ് ഒന്ന്,... കർത്താവ് ഒരുവൻ,... എല്ലാവർക്കും മീതെയും എല്ലാവരിലൂടെയും എല്ലാവരിലും ഉള്ളവനായ, എല്ലാവരുടെയും ദൈവവും പിതാവും ഒരുവൻ.
    - വേദപുസ്തകമനുസരിച്ച്, സഭ കേവലം ദൈവത്തിൽ ആയിരിക്കുന്നതായൊരു കാര്യമില്ല; പിന്നെയോ, സഭ പ്രക്രിയാവിധേയനായ ത്രിയേക ദൈവത്തിലാണ്
    - ഉല്പത്തി 1-ൽ ദൈവം പ്രക്രിയാവിധേയനാകാത്ത ദൈവമായിരുന്നു, എന്നാൽ പുതിയനിയമത്തിൽ അവൻ പ്രക്രിയാവിധേയനായ ത്രിയേക ദൈവമായിത്തീർന്നിരിക്കുന്നു
    - പ്രക്രിയാവിധേയൻ എന്നത് ദിവ്യ വ്യവസ്ഥയിൽ ത്രിയേക ദൈവം കടന്നുപോയ നിർണായകമായ പടികളെ, ജഡാവതാരം, മനുഷ്യജീവിതം, ക്രൂശുമരണം, പുനരുത്ഥാനം എന്നിവയെ, പരാമർശിക്കുന്നു
    - പ്രക്രിയാവിധേയനായ ത്രിയേക ദൈവത്തിലുള്ള സഭ പിതാവിനോടും പുത്രനോടുംകൂടെ ജീവൻ-നൽകുന്ന ആത്മാവായിത്തീർന്നവനിലുള്ള സഭയാണ്
    - പിതാവ് പുത്രനിലും, പുത്രൻ ഇപ്പോൾ നമ്മിൽ വസിക്കുന്ന ജീവൻ-നൽകുന്ന ആത്മാവുമാണ്
    - നാം പിതാവായ ദൈവത്തിലും കർത്താവായ യേശു ക്രിസ്തുവിലും ആയിരിക്കുമ്പോൾ, നാം ആത്മാവിലാണ്; അങ്ങനെ, നാം പ്രക്രിയാവിധേയനായ ത്രിയേക ദൈവത്തിലുള്ള സഭയാണ്
- ത്രിയേകദൈവത്തിലുള്ള സഭയുടെ ദർശനം നാം കാണുന്നുവെങ്കിൽ, ഈ ദർശനം നമ്മുടെ ചിന്തയെയും നമ്മുടെ പ്രവർത്തനങ്ങളെയും നമ്മുടെ മുഴുവൻ ജീവിതത്തെയും നിയന്ത്രിക്കും

| | |
|---|---|
| 1. ദർശനം കണ്ട ശേഷം നമ്മുടെ മുഴുവൻ ആളത്തവും അതിന്റെ ചിന്തകളിലും, ധാരണകളിലും, മനോഭാവത്തിലും, സംഭാഷണത്തിലും മാറ്റപ്പെടും. നാം സമഗ്രമായ വിധത്തിൽ വ്യത്യസ്തരായിരിക്കും. | 1. After seeing the vision our entire being will be changed in its thoughts, concepts attitude and conversation. We will be thoroughly different. |
| 2. ദർശനം കണ്ട ശേഷം നമ്മുടെ മുഴുവൻ ജീവിതരീതിയും മാറ്റപ്പെടുന്നു. നമ്മുടെ മുഴുവൻ ആളത്തത്തിനും ഒരു ആന്തരികമായ തിരിവ് ഉണ്ടാകുന്നു. | 2. After seeing the vision our whole life style is changed. Our whole being has an inward turn |
| 3. ദർശനം നമ്മുടെ ജീവിതം അർത്ഥവും ഉദ്ദേശ്യവും നിറഞ്ഞതായി തീരുവാൻ കാരണമാകുന്നു | 3. The vision causes our life to be full of meaning and purpose |
| 4. ദർശനം നമ്മെ പ്രചോദിപ്പിക്കുകയും ഊർജ്ജസ്വലരാക്കുകയും ചെയ്യുന്നു. | 4. The vision motivates us and energizes us |
| 5. ദർശനം നമ്മെ നിയന്ത്രിക്കുകയും പരിമിതപ്പെടുത്തുകയും ചെയ്യുന്നു. | 5. The vision governs and restricts us |
| 6. ദർശനം നമ്മുക്ക് സഹിഷ്ണുത നൽകുന്നു. | 6. The vision gives us endurance |
| 7. ദർശനം നമ്മെ പരിരക്ഷിക്കും. | 7. The vision will preserve us |
| 8. സ്വർഗീയ ദർശനം നമ്മെ ഭരിക്കുകയും, പരിമിതപ്പെടുത്തുകയും, നിയന്ത്രിക്കുകയും, നയിക്കുകയും, പരിരക്ഷിക്കുകയും, സമൂലമായി മാറ്റുകയും, യഥാർത്ഥ ഒരുമയിൽ നമ്മെ സൂക്ഷിക്കുകയും, മുന്നോട്ട് പോകുവാൻ നമ്മുക്ക് ധൈര്യം നൽകുകയും ചെയ്യുന്നു. | 8. The heavenly vision governs us, restricts us, controls us, directs us, preserves us, revolutionize us, keeps us in the genuine oneness and gives us the boldness to go on. |